പതിമൂന്നാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 4346

26.6.2014 ലെ മറുപടിക്ക്

## അദ്ധ്യാപക തസ്തികനിർണ്ണയം

ചോദ്യം

ഉത്തരം

ശ്രീ. പി.റ്റി.എ. റഹീം

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസവകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അദ്ധ്യാപകതസ്തികകൾ നിർണ്ണയിക്കുന്നതിന് സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും വ്യത്യസ്ത രീതിയാണോ അവലംബിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | സർക്കാർ എയ്ഡഡ് മേഖലയിലുള്ള സ്കൂളുകളിൽ തസ്തിക നിർണ്ണയത്തിന് ഒരേ അനുപാതം (1:45) തന്നെയാണ് സ്വീകരിച്ചിട്ടുള്ളത്. എന്നാൽ അപ്രകാരം തസ്തിക നിർണ്ണയം നടത്തുമ്പോൾ അധികമായി വരുന്ന എയ്ഡഡ് സ്കൂൾ അദ്ധ്യാപകരെ നിലനിർത്തുന്നതിനായി മാത്രം നോഷണലായി 1:30/1:35 അനുപാതം ഉപയോഗിക്കാവുന്നതാണ്. എന്നാൽ സർക്കാർ സ്കൂളുകളിൽ അധികമായി വരുന്ന അദ്ധ്യാപകരെ ഇപ്രകാരം നിലനിർത്താൻ നിർദ്ദേശിച്ചിട്ടില്ല. വിവിധ മാനേജ്മെന്റുകളുടെ കീഴിൽ അധികമായി വരുന്ന അദ്ധ്യാപകരുടെ പുനർവിന്യാസം ഫലപ്രദമായി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യത്തിലും സർക്കാർ സ്കൂളുകളിൽ അധികം വരുന്ന അദ്ധ്യാപകരെ കുട്ടികൾ കൂടുതലുള്ള സ്കൂളുകളിലേയ്ക്ക് പുനർവിന്യസിക്കാൻ സാധിക്കുമെന്നതിനാലുമാണ് |
| (ബി) | എങ്കിൽ സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും തസ്തികകൾ നിർണ്ണയിക്കുന്ന രീതി വിശദമാക്കാമോ ; | | |

| | | | |
|---|---|---|---|
| | | | അധിക അദ്ധ്യാപകരെ നിലനിർത്തുന്നതിനായി അദ്ധ്യാപക വിദ്യാർത്ഥി അനുപാതം നോഷണലായി കുറയ്ക്കുന്നത് എയ്ഡഡ് സ്കൂളുകൾക്കു മാത്രമായിപരിമിത പ്പെടുത്തിയത്. സർക്കാർ സ്കൂളുകളിലും ഇത്തരത്തിൽ അദ്ധ്യാപകവിദ്യാർത്ഥി അനുപാതം കുറച്ചുകൊണ്ട് അധികമായി വരുന്ന അദ്ധ്യാപകരെ നിലനിർത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും അധിക തസ്തികകൾ നിർണ്ണയിക്കുന്നതിന് ഒരേ രീതിയിലുള്ള സ്കൂൾ തല അനുപാതം തന്നെയാണ് ബാധകം. |
| (സി) | തസ്തിക നിർണ്ണയിക്കുന്നതിന് എയ്ഡഡ് സ്കൂളുകളേക്കാൾ കൂടുതൽ കുട്ടികൾ വേണമെന്ന് നിലപാട് മൂലം നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന പല സർക്കാർ സ്കൂളുകളിലും തസ്തികകൾ നഷ്ടപ്പെടുന്നതിനാൽ നിലവാരത്തകർച്ചയുണ്ടാവുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) | എങ്കിൽ ഇതു പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടി വിശദമാക്കാമോ; | (ഡി) | ബാധകമല്ല |

സെക്ഷൻഓഫീസർ